(ബി) ഓരോ വർഷം കിട്ടിയ തുക എത്ര വീതം;

(സി) വഖഫ് ബോർഡിന്റെ വരുമാനം എന്തൊക്കെയാണ്;

(ഡി) 1985–ൽ വഖഫ് ബോർഡിന്റെ ആകെ വരുമാനം എത്ര രൂപയായിരുന്നു?

ഉത്തരം

(എ) 30 ലക്ഷം രൂപ

(ബി) 1984–85 15 ലക്ഷം രൂപ
1985–86 15 ലക്ഷം രൂപ

(സി) വഖഫ് ബോർഡിന്റെ നിയന്ത്രണത്തിലുള്ള വഖഫുകളിൽനിന്ന് വിഹിതമായി പിരിച്ചെടുക്കുന്ന തുകയും സർക്കാരിൽനിന്നും കിട്ടുന്ന ഗ്രാന്റുമാണ് വഖഫ് ബോർഡിന്റെ വരുമാന മാർഗ്ഗങ്ങൾ.

(ഡി) വഖഫുകളിൽനിന്ന് വിഹിതമായി പിരിച്ചെടുത്ത 5,20,508.72 രൂപയും സർക്കാർ ഗ്രാന്റിനത്തിൽ നൽകിയ 15 ലക്ഷം രൂപയും കൂടി മൊത്തം 20,20,508.72 രൂപ.

വഖഫ് ബോർഡിനു ധനസഹായം

417 [454] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982–83, 1983–84, 1984–85, 1985–86 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തെ വഖഫ് ബോർഡിന് സർക്കാർ ധനസഹായം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ വർഷവും അനുവദിച്ച സഹായം എത്ര യെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത തുകയിൽനിന്നും മുക്രിമാർക്ക് പെൻഷനോ, മറ്റു സഹായങ്ങളോ നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിലേക്ക് എന്തു ചെലവായി?

ഉത്തരം

(എ) ഉണ്ട്. 1984–85, 1985–86 എന്നീ വർഷങ്ങളിൽ മാത്രമേ സർക്കാർ വഖഫ് ബോർഡിന് ധനസഹായം നൽകിയിട്ടുള്ളൂ.

(ബി) 1984–85 15 ലക്ഷം രൂപ
1985–86 15 ലക്ഷം രൂപ

ഇതുകൂടാതെ 1985–86 വർഷത്തിൽ 5 ലക്ഷം രൂപ കടമായി നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഹജ്ജ് തീർത്ഥാടനം

418 [455] ശ്രീ. എം.പി.എം. ഇസഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും ഈ വർഷം എത്രപേർ ഹജ്ജിനു പോകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൂടുതൽ പേർക്ക് ഹജ്ജിന് പോകുവാൻ വേണ്ട സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) നമ്മുടെ സംസ്ഥാനത്തുനിന്നും നേരിട്ട് ഹജ്ജിന് പോകാൻ സൗകര്യം ഉണ്ടോ?

ഉത്തരം

(എ) 2892.

(ബി, സി) ഇല്ല.

മേജർ ഇറിഗേഷൻ പദ്ധതികൾ

419 [456] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982–83–നു ശേഷം സംസ്ഥാനത്ത് മേജർ ഇറിഗേഷൻ പദ്ധതിക്കു ഏതിനെങ്കിലും രൂപം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം;

(സി) അവയുടെ അടങ്കൽ ചെലവ് എത്രയെന്നു പറയാമോ?

ഉത്തരം

(എ) ഉണ്ട്. 1982–83-നു ശേഷം സംസ്ഥാനത്ത് ഒരു മേജർ ഇറിഗേഷൻ പദ്ധതിയുടെ സാദ്ധ്യതാ റിപ്പോർട്ടു തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇത് മലപ്പുറം ജില്ലയിലെ ചാലിയാർ നദീതട പദ്ധതിയാണ്.

(സി) ഇതിന്റെ സാദ്ധ്യതാ റിപ്പോർട്ടു പ്രകാരം അടങ്കൽ തുക 378 കോടി രൂപയാണ്.

മൂവാറ്റുപുഴവാലി ജലസേചന പദ്ധതി

420 [457] ശ്രീ. വി.വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴവാലി ജലസേചന പദ്ധതിക്കു കഴിഞ്ഞ വർഷം എത്ര ലക്ഷം രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചു;

(ബി) ഇതിൽ എത്ര രൂപ ചെലവായി;

(സി) ഈ വർഷം ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ള തുക എത്ര;

(ഡി) പണി പൂർത്തിയാക്കിയ കോൺട്രാക്ടർമാർക്ക് എത്ര ലക്ഷം രൂപ കൊടുക്കാനുണ്ട്;

(ഇ) ഈ വർഷത്തെ അലോട്ടുമെന്റിൽനിന്നും ഇക്കാര്യത്തിനു എത്ര രൂപ ചെലവഴിക്കാൻ സാധിക്കും;

(എഫ്) പുതിയ പണികൾക്കു ഇപ്പോൾ ടെൻഡർ വിളിക്കുന്നുണ്ടോ;

(ജി) ഉണ്ടെങ്കിൽ ഈ വർഷം എത്ര പണികൾക്ക്;

LIBRARY ARCHIVES Kerala Legislative Assembly